"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- ഹയർ സെക്കന്ററി വിഭാഗം - ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ 2023-24 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം- അറബിക് അധ്യാപകരെ നിയമിക്കുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.3739/2025/GEDN തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം. 125/98/പൊ.വി.വ. തീയതി 21/4/1998
2. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 610/റ്റി2/2019/പൊ.വി.വ. നമ്പർ കത്ത് തീയതി 16-12-2019
3. സ.ഉ.(കൈ)നം. 35/2024/പൊ.വി.വ. തീയതി 16-03-2024
4. WP(C) No. 26869/2024 മുതൽ കേസുകളിലെ 24.02.2025-ലെ വിധിന്യായം

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഹയർ സെക്കന്ററിയിൽ അറബിക് , ഉറുദു , തമിഴ്, കന്നട ഉൾപ്പെടെയുള്ള ഉപ ഭാഷകൾ അനുവദിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 10 കുട്ടികൾ മതിയെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ 16.12.2019-ലെ 610/റ്റി2/2019 പൊ.വി.വ പ്രകാരം 2014 , 2015, 2016 അധ്യയന വർഷം ആരംഭിച്ച ബാച്ചുകളിൽ തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകിയ കത്തിൽ അറബിക് തസ്തിക അനുവദിക്കാൻ 25 കുട്ടികൾ വേണമെന്ന് ഉത്തരവായിരുന്നു. എന്നാൽ ഒരു സർക്കാർ ഉത്തരവിന് കത്തിലൂടെ ഭേദഗതി വരുത്തുന്നത് നിയമപരമായി നിലനിൽക്കാത്തതിനാൽ പരാമർശം (1) ഉത്തരവു പ്രകാരമുള്ള 10 കുട്ടികൾ മതിയെന്ന നിർദ്ദേശം തുടരണമെന്ന് കാണുന്നു. ഇത് സംബന്ധമായി ഫയൽ ചെയ്യപ്പെട്ട കേസിൽ പരാമർശം (1) ഉത്തരവു പരിഗണിച്ച് തീരുമാനമെടുക്കാനാണ് കോടതി വിധിയായിട്ടുള്ളത്.പരാമർശം (3) ഉത്തരവിൽ അറബിക് ഉപഭാഷയുടെ തസ്തിക നിർണ്ണയത്തിന് മിനിമം കുട്ടികളുടെ എണ്ണം 10 ആണെന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നതിനാലും നേരത്തേ കത്ത് മുഖേന നൽകിയ നിർദ്ദേശം നിയമപരമായി നിലനിൽക്കാത്തതിനാലും 2023-24 മുതൽ നടത്തുന്ന തസ്തികനിർണ്ണയത്തിൽ 10 കുട്ടികളുണ്ടെങ്കിൽ അറബിക് അധ്യാപകനെ നിലനിർത്തുന്നതിനും ഇതിനോടകം നിയമിക്കപ്പെട്ട

അധ്യാപകർക്ക് ആർക്കെങ്കിലും അംഗീകാരം ലഭിക്കാത്ത പക്ഷം കുട്ടികളുടെ എണ്ണം 10 എന്ന് കണക്കാക്കി തസ്തിക സൃഷ്ടിച്ച് അംഗീകാരം നൽകുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. എന്നാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ അധിക തസ്തിക സൃഷ്ടിക്കാൻ പാടില്ലെന്നും നിർദ്ദേശം നൽകുന്നു. പരാമർശം (4) കോടതിവിധിയും ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ (കവറിംഗ് ലെറ്റർ സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, കേരള, തിരുവനന്തപുരം.)

എല്ലാ മേഖലാ ഉപ ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ (വെബ് & ന്യൂ മീഡിയ )/പ്രസ്സ് റിലീസ്; വിവര പൊതുജന സമ്പർക്ക വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
B Harikumar
Date: 09-06-2025 15:35:17
സെക്ഷൻ ഓഫീസർ